(ബി) പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടില്ല.

(സി) ഓഫ്സെറ്റ് മെഷീന് ആവശ്യമായ പവ്വർ കണക്ഷൻ ഇതുവരെ ലഭിച്ചിട്ടില്ല. ഈ മെഷീനുകളം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഓപ്പറേറർമാരുടെ തസ്തികകളം അനുവദിച്ചുകഴിഞ്ഞിട്ടില്ല. മെഷീനിന്റെ പ്ലേറുകളം നിർമ്മിക്കുന്നതിനുവേണ്ട യൂണിറിന്റെ മെഷീനുകളം ഇതുവരെ സ്ഥാപിച്ചുകഴിഞ്ഞിട്ടില്ല.

(ഡി) എച്ച്. എം. ടി. യുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് അവർ നൽകിയ പ്രോജക്ട് റിപ്പോർട്ട് അനുസരിച്ചാണ് ഈ മെഷീനുകളം വാങ്ങിയിട്ടുള്ളത്.

(ഇ) തൊണ്ണൂറു ലക്ഷം രൂപ ചെലവായി.

ഗവൺമെൻറ് പ്രസ്സുകളിലെ സൂപ്രണ്ടുമാരുടെ തസ്തിക

1229 [2202] ശ്രീ. ടി. കെ. ഹംസ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് പ്രസ്സുകളിലെ സൂപ്രണ്ടുമാരുടെ തസ്തിക കഴിഞ്ഞ നാലു വർഷമായി ഒഴിവായി കിടക്കുന്നു എന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഒഴിവുകളം നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ ഒഴിവുകളം എന്നത്തേക്ക് നികത്തപ്പെടും?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) സീനിയോറിറി തർക്കം സംബന്ധിച്ച് ബന്ധപ്പെട്ട മൂന്ന് ഡെപ്യൂട്ടി സൂപ്രണ്ടുമാർ ഫയൽ ചെയ്ത കേസുകളം ഹൈക്കോടതിയിൽ തീരുമാനമാകാതെ കിടക്കുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തീരുമാനം അറിഞ്ഞതിനുശേഷം മാത്രമേ ഒഴിഞ്ഞുകിടക്കുന്ന സൂപ്രണ്ടിന്റെ തസ്തിക നികത്തുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ.

ഗവൺമെൻറ് പ്രസ്സുകളിലെ ജീവനക്കാർ

1230 [2203] ശ്രീ. ടി. കെ. ഹംസ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെൻറ് പ്രസ്സുകളിൽ ഓരോന്നിലും എത്ര ജീവനക്കാർ വീതം ഉണ്ട്;

(ബി) ഓരോന്നിലും തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly